# 64

# യേശുവിനെ പിടിക്കുന്നു

## (26:47- 56)

ഒലിവ് മലയിൽ, യേശുവും പതിനൊന്നു അപ്പൊസ്തലന്മാരും ഒരുമിച്ചിരുന്നപ്പോൾ, ഒറ്റിക്കൊടുപ്പുകാരൻ, യൂദാ പുരുഷാരത്തേയും കൂട്ടി യേശുവിനെ പിടിപ്പാൻ വന്നു.

### യൂദാ ചുംബനം കൊണ്ട് ഒറ്റിക്കൊടുക്കുന്നു (26:47-50)

**[47]അവൻ സംസാരിക്കുമ്പോൾ തന്നെ പന്തിരുവരിൽ ഒരുത്തനായ യൂദയും അവനോടുകൂടെ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അയച്ച വലിയോരു പുരുഷാരവും വാളും വടികളുമായി വന്നു. [48]അവനെ കാണിച്ചു കൊടുക്കുന്നവൻ "ഞാൻ ഏവനെ ചുംബിക്കുമോ അവൻ തന്നെ ആകുന്നു"; അവനെ പിടിച്ചുകൊൾവിൻ എന്ന ഒരു അടയാളം അവർക്ക് കൊടുത്തിരുന്നു. [49]ഉടനെ അവൻ യേശുവിന്റെ അടുക്കൽ വന്നു "റബ്ബീ വന്ദനം" എന്നു പറഞ്ഞു അവനെ ചുംബിച്ചു. [50]യേശു അവനോട്, "സ്നേഹിതാ നീ വന്ന കാര്യം എന്ത്?" എന്നു പറഞ്ഞപ്പോൾ അവർ അടുത്തു യേശുവിന്മേൽ കൈവെച്ചു അവനെ പിടിച്ചു.**

**വാക്യം 47.** വാളും വടികളും ദീപട്ടി പന്തങ്ങളുമായി പുരുഷാരം വരുന്നത് കണ്ടിട്ടാകാം വാക്യം 46 ലെ യേശുവിന്റെ കൽപനയിലെ ആകസ്മികമായ ശബ്ദത്തിനു കാരണം (യോഹ. 18:3).[1] **അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, അതാ യൂദാ** അവന്റെ പരിവാരവുമായി ഗെത്ത്ശെമെനയിലെത്തി എന്നാണ് മത്തായി വിവരിക്കുന്നത്. ആ പരിവാരം വന്നില്ലായിരുന്നുവെങ്കിൽ യേശു അവരോട് ഇനിയും സംസാരിക്കുമായിരുന്നു എന്ന് അന്തർലീനമാക്കാം.

26:21 ലെ യേശുവിന്റെ പ്രവചന നിവർത്തീകരണമായിരുന്നു യൂദായുടെ വരവ്: "നിങ്ങളിൽ ഒരുത്തൻ എന്നെ ഒറ്റിക്കൊടുക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു." ആ വിശ്വാസവഞ്ചന നടത്തുന്നത്, യൂദാ ആയിരിക്കുമെന്ന് പ്രത്യേകമായി പറഞ്ഞിരുന്നു (26:25). **അവൻ പന്തിരുവരിൽ ഒരുവനായിരുന്നു** എന്ന് ഊന്നി പറഞ്ഞിരിക്കുകയാണ് യൂദായുടെ ഒറ്റിക്കൊടുക്കലിനെ കുറിച്ച് സംക്ഷിപ്ത സുവിശേഷങ്ങളിലും മത്തായിയുടെ സുവിശേഷത്തിലും (മർ. 14:43; ലൂക്കൊ. 22:47).

**മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അടങ്ങുന്ന വലിയോരു പുരുഷാരം** യൂദായെ അനുഗമിച്ചിരുന്നു. ആ പരിവാരത്തിൽ, റോമൻ സൈന്യവും (യോഹ. 18:3, 12), ദൈവാലയത്തിലെ കാവൽ ഭടന്മാരും അടങ്ങുന്നതായിരുന്നു (ലൂക്കൊ. 22:52). റോമൻ പടയാളികളുടെ ഒരു സംഘത്തിൽ 6,000 പുരുഷന്മാരാണുണ്ടാവുക, പത്തു സംഘങ്ങളിലും കൂടെ, ഒരു ലെഗ്യോൻ അഥവാ 6,000 പുരുഷന്മാരാണ് ഉണ്ടായിരിക്കുക. ദൈവാലയം കാക്കുന്ന കാവൽ

ഭടന്മാരോടുകൂടെ റോമൻ സൈന്യത്തെ അയക്കുവാൻ കാരണം അവരുടെ ആദ്യശ്രമം പരാജയ-പ്പെട്ടതുകൊണ്ടാകാം (യോഹ. 7:32, 44-46). യേശുവിനെ കൊല്ലാതെ ജീവനോടെ പിടിക്കുവാനും റോമാക്കാർ വിചാരിച്ചിരിക്കാം.

**വാക്യങ്ങൾ 48, 49. യൂദാ** എവിടെനിന്നോ ആ സംഘത്തിന്റെ മുൻപിലെത്തി. യോഹന്നാൻ പറഞ്ഞതുപോലെ യേശു അവരുടെ അടുക്കലേക്ക് ചെന്നതായി മത്തായി വിവരിക്കുന്നില്ല (യോഹ. 18:4-9). പുരുഷാരം തന്റെ അടുക്കലേക്ക് വരുന്നതിനു മുൻപ് യേശു അവരുടെ അടുക്കലേക്ക് ചെന്നു "നിങ്ങൾ ആരെ തിരയുന്നു" എന്നു ചോദിക്കുകയായിരുന്നു (യോഹ. 18; 4). "നസ്രായനായ യേശുവിനെ" എന്ന് അവർ മറുപടി പറഞ്ഞതിന്, അവൻ ഫഞ്ഞു, "അതു ഞാൻ തന്നെ." അവന്റെ ധൈര്യം കണ്ട് അവർ ഒരുപക്ഷെ അതിശയിച്ചുകാണും, അവർ പുറകിലേക്ക് മാറി കവിണ്ണുവീണു (യോഹ. 18:5, 6). ഒരിക്കൽകൂടെ യേശു ചോദിച്ചു, "നിങ്ങൾ ആരെ തിരയുന്നു?"; വീണ്ടും അവർ മറുപടി പറഞ്ഞു, "നസ്രായനായ യേശുവിനെ." അതിന്ന് "അത് ഞാൻ തന്നെ എന്നു നിങ്ങളോട് പറഞ്ഞുവല്ലോ; എന്നെ ആകുന്നു തിരയുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ എന്നു യേശു ഉത്തരം പറഞ്ഞു" (യോഹ. 18:7, 8)

അവൻ അങ്ങനെ പറഞ്ഞ് തന്നെത്താൻ അവർക്ക് ഏൽപിച്ചുകൊടുത്തതിനാൽ തന്റെ അപ്പൊസ്തലന്മാരെ സംരക്ഷിക്കുന്നതിനുപുറമെ യൂദാ ഒറ്റിക്കൊടുക്കുന്നത് അനാവശ്യമെന്നു കൂടെ ബോധ്യമാക്കി. എങ്ങനെയായാലും, ചെയ്യുവാൻ തീരുമാനിച്ചത് അവൻ ചെയ്തു. ആരംഭ കൈമാറ്റത്തിനുശേഷം, പടയാളികൾക്ക് കൊടുത്ത അടയാളപ്രകാരം യൂദാ ഓടി വന്നു യേശുവിനെ **ചുംബിച്ചു**. യേശു ഒരുപക്ഷെ ശിഷ്യന്മാരെ പോലെ തന്നെ തോന്നിയിരിക്കും പ്രത്യേകിച്ച് ഇരുട്ടിൽ. അതുകൊണ്ട്, ആരെ **പിടിക്കേണം** എന്ന വ്യക്തമായ അടയാളമായിരുന്നു അത്.

യേശു അവനോട് ചോദിച്ചു, "യൂദയേ, മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചു കൊടുക്കുന്നത്?" (ലൂക്കൊ. 22:48). ഒറ്റിക്കൊടുക്കലിന്റെ തീവ്രതയെയാണ് ചുംബനം കാണിക്കുന്നത് (2 ശമു. 20:9, 10). എങ്ങനെയായാലും, ചുംബനം സ്നേഹത്തിന്റെ അടയാളമാണ്. പ്രാരംഭ ക്രിസ്ത്യാനികൾക്ക് പരസ്പരം ഉണ്ടായിരുന്ന ഊഷ്മള ബന്ധത്തെ ആണ് അത് കാണിച്ചിരുന്നത് (റോമർ 16:16; 1 കൊ. 16:20; 2 കൊ. 13:12; 1 തെസ്സ. 5:26; 1 പത്രൊ. 5:14). വാക്യം 48ലെ ചുംബനം എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഫിലെയോ*) വാക്യം 49 ലേക്ക് വരുമ്പോൾ മാറി (*കറ്റാഫിലെയോ*) എന്നാക്കിയിരിക്കുന്നു. രണ്ടാമത് പറയുന്നത് "വിശാലമായ ബന്ധത്തെ കാണിക്കുന്നതാണ്"[2] (ലൂക്കൊ. 7:38, 45; 15:20; പ്രവൃ. 20:37). **റബ്ബി**, എന്നു വിളിച്ചതും യൂദായുടെ ഒറ്റിക്കൊടുക്കലിന്റെ തീവ്രത വർദ്ധിപ്പിക്കുന്നതാണ്, അതിന്റെ അർത്ഥം, "കർത്താവേ/യജമാനനേ" എന്നാണ്.

**വാക്യം 50. മത്തായിയുടെ** എഴുത്തിൽ മാത്രമാണ് **യേശു** യൂദായെ **സ്നേഹിതൻ** എന്നു വിളിച്ചതായി പറയുന്നത്. ഏറ്റവും ഊഷ്മളമായ ബന്ധത്തെ കാണിക്കുന്നതല്ല (*ഫിലോസ്*) ഇവിടെ ഉപയോഗിച്ച സ്നേഹിതൻ (*ഹെറ്റായിറോസ്*) എന്ന വാക്ക്. അതിനുള്ള നല്ല തർജിമ "കൂട്ടുകാരൻ," "സഹമനുഷ്യൻ" എന്നിവയാണ്. ആ വാക്ക് വ്യത്യസ്തമായ ഒരു ശാസനയായി ഉപയോഗിക്കുന്നതാണ്, അതായിരിക്കാം ഇവിടെ പറഞ്ഞിരിക്കുന്നത്. (20:13 ന്റെ പരാമർശം നോക്കുക).

"**നീ വന്ന കാര്യം ചെയ്ക**" എന്നു യേശു യൂദയോടു പറഞ്ഞതായി

മത്തായി മാത്രമാണ് പറഞ്ഞിരിക്കുന്നത്. നമുക്ക് ആ പ്രസ്താവന ഗ്രീക്കിൽ പറയുന്നത് ചോദ്യരൂപത്തിലാണ് വരുന്നത്. ഉദാഹരണമായി, എൻകെജെവി യിൽ, "നീ എന്തിനാണ് വന്നത്?" എങ്ങനെയായാലും, യേശുവിന്റെ അറിവും സാഹചര്യനിയന്ത്രണവും വെച്ചുകൊണ്ട്, ഗ്രീക്ക് പുസ്തകത്തിലേത് ഒരു പ്ര സ്താവനയായി നമുക്ക് കണക്കാക്കാം. അവൻ എന്തിനു വന്നു എന്നു ചോദി ക്കുന്നതിനു പകരം, യേശു യൂദായോട് അവനെ ഒറ്റിക്കൊടുപ്പാനും പിടിപ്പാനു ം നിർദ്ദേശിക്കുകയായിരുന്നു എന്നു സ്പഷ്ടം.[3]

## പത്രൊസിന്റെ എതിർപ്പ് വാൾ
## (26:51-54)

**[51]അപ്പോൾ യേശുവിനോടുകൂടെയുള്ളവരിൽ ഒരുവൻ കൈനീട്ടി വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാത് അറുത്തു. [52]യേശു അവനോട്, "വാൾ ഉറയിൽ ഇടുക; വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചുപോകും. [53]എന്റെ പിതാവിനോട് ഇപ്പോൾ തന്നെ പന്ത്രണ്ട് ലെഗ്യോനി ലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിന്ന് എനിക്ക് അപേ ക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ? [54]എന്നാൽ ഇങ്ങനെ സംഭവിക്കേണം എന്നുള്ള തിരുവെഴുത്തുകൾക്ക് എങ്ങനെ നിവൃത്തി വരും? എന്നു പറഞ്ഞു."**

**വാക്യം 51.** മാളികമുറിയിൽ വെച്ച് യേശു തന്റെ ശിഷ്യന്മാരോട് പറ ഞ്ഞത് "ഇപ്പോൾ മടിശ്ശീലയുള്ളവൻ അത് എടുക്കട്ടെ; അവ്വണ്ണം തന്നെ പൊ ക്കണം ഉള്ളവനും; ഇല്ലാത്തവനോ തന്റെ വസ്ത്രം വിറ്റ് വാൾ വാങ്ങട്ടെ" (ലൂക്കൊ. 22:36) എന്നാണ്. അവർ മാളികമുറി വിട്ട് പോകുന്നതിനുമുൻപ്, "അവർ പറഞ്ഞു, കർത്താവേ, ഇവിടെ രണ്ട് വാൾ ഉണ്ട്." അവൻ അവരോട്, "അതു മതി" എന്നു പറഞ്ഞു (ലൂക്കൊ. 22:38).[4] ലൂക്കൊസ് 22:49 അനുസ രിച്ച്, ശിഷ്യന്മാരിൽ ചിലർ അവനോട്, "കർത്താവേ, ഞങ്ങൾ വാൾകൊണ്ട് വെട്ടേണമോ?" എന്നു ചോദിച്ചു.

ആവേശക്കാരനായ പത്രൊസിന് കർത്താവിന്റെ മറുപടിക്കായി കാത്തുനി ൽക്കുവാൻ കഴിഞ്ഞില്ല (യോഹ. 18:10). അവൻ കൊണ്ടുനടന്നിരുന്ന **വാൾ ഉറ യിൽനിന്നും ഊരി മഹാപുരോഹിതന്റെ ദാസന്റെ കാത് വെട്ടി** (മൽക്കൊസ്; യോഹ. 18:10). വാൾ എടുക്കേണ്ട സമയം വരും എന്ന് യേശു പറഞ്ഞത് ചിലപ്പോൾ പത്രൊസ് ഓർമ്മിച്ചിരിക്കാം, അവൻ തീർച്ചയായും ഉപയോഗി ക്കാമെന്ന് തീരുമാനിച്ചു. പത്രൊസ് പിന്നീട് തെറ്റു ചെയ്യുമെങ്കിലും, ഇപ്പോൾ പറഞ്ഞതായ കർത്താവിനോടുകൂടെ മരിക്കുവാനും തയ്യാറാണെന്നത് അന്വ ർത്ഥമാക്കുകയാണ് (26:35). റോമൻ പടയാളികൾക്ക് എതിരായോ അല്ലെങ്കിൽ ദൈവാലയ കാവൽഭടന്മാർക്കെതിരായോ ഒന്നോ രണ്ടോ വാൾ ഉപയോഗി ച്ചാൽ എന്തായിരിക്കും സ്ഥിതി? പത്രൊസ് തീർച്ചയായും കർത്താവിനുവേണ്ടി മരിക്കുവാൻ തയ്യാറായി.

വാൾ ഊരി പത്രൊസ് [മൽക്കൊസിന്റെ] **കാത് അറുത്തു.** മൽക്കൊസ് പെട്ടെന്ന് ഒഴിഞ്ഞു മാറിയില്ലായിരുന്നു എങ്കിൽ അവന്റെ അവസ്ഥ പരിതാപക രമാകുമായിരുന്നു; പത്രൊസ് ഉന്നം വെച്ചത് ഒരുപക്ഷെ അവന്റെ തലയായിരി ക്കാം. യേശു എല്ലാവരേയും ഒരുപക്ഷെ വിസ്മയിപ്പിച്ചുകാണും - പ്രത്യേകിച്ച് തന്നെ പിടിപ്പാൻ വന്നവരെ - അവൻ മൽക്കൊസിന്റെ അറ്റുപോയ കാത്

സൗഖ്യമാക്കി (ലൂക്കൊ. 22:51). ആ അത്ഭുതത്താൽ അവൻ അപ്പൊസ്തലന്മാരുടെ ജീവനെ സംരക്ഷിക്കയായിരിക്കാം ചെയ്തത്.

**വാക്യം 52. യേശുവിൽ**നിന്നും അവൻ പ്രതീക്ഷിച്ചത് ആയുധങ്ങൾ കൊണ്ടുവരുവാൻ പറയുമെന്നായിരിക്കാം, എന്നാൽ അതിനു പകരം ശാസന കിട്ടിയപ്പോൾ, പത്രൊസ് ഞെട്ടിക്കാണും: "**നിന്റെ വാൾ ഉറയിൽ ഇടുക.**" തന്നെ പിടിച്ചു കൊല്ലുമെന്ന് യേശു ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരുന്നു, അതുകൊണ്ട് പത്രൊസ് അതിനെ തടഞ്ഞത് വ്യർത്ഥമായിരുന്നു. അതിനുപുറമെ, ക്രിസ്തുവിന്റെ രാജ്യം ആത്മികമാകയാൽ, അവന്റെ ശിഷ്യന്മാർ പ്രത്യാക്രമണം നടത്തേണ്ട ആവശ്യമില്ലായിരുന്നു (യോഹ. 18:38).

യേശു പത്രൊസിനോട് പറഞ്ഞു, "**വാൾ എടുക്കുന്നവർ എല്ലാം വാളാൽ നശിക്കും.**" റോബർട്ട് എച്ച്. മൗൺസ് പറഞ്ഞു, "അത് ഒരു സദൃശവാക്യം പോലെ തോന്നുന്നു (ഒ വാ. ഉല്. 9:6; വെളി. 13:10) അതുകൊണ്ട് സന്ദർഭമനുസരിച്ച് ശ്രദ്ധയോടെ വേണം വ്യാഖ്യാനിക്കുവാൻ. അത് ഏതൊരു സാഹചര്യത്തിലും പ്രതിരോധമരുത് എന്നു സൂചിപ്പിക്കുന്നതല്ല."[5] യേശുവിന്റെ പ്രസ്താവന പഴഞ്ചൊല്ലിനേക്കാൾ പ്രാധാന്യത്തോടെയാണ് മറ്റുള്ളവർ കാണുന്നത്. അവർ പറയുന്നത്, അത് യെശയ്യാവിന്റെ അരാമ്യ ടാർഗുമിൽ നിന്നും എടുത്തതാണ് എന്നാണ്, അതിൽ പറയുന്നത്, "തീ പ്രകാശിപ്പിക്കുവാൻ ശ്രമിക്കുന്നവരെല്ലാം, നിങ്ങൾ എടുത്ത വാളാൽ ചാടി വീഴുന്നു. എന്റെ വാക്കിൽ നിന്നു ... നിങ്ങൾക്ക് ഇതുണ്ട്; നിങ്ങളുടെ നാശം മടക്കിക്കൊടുക്ക."[6] യേശുവിനെ പിടിച്ചത് ദൈവേഷ്ടം നിറവേറ്റുന്നതായിരുന്നു എന്നും അവർ പറഞ്ഞു. അത് സംഭവിക്കാതിരിക്കുന്നതിന് ശിഷ്യന്മാർക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.[7]

**വാക്യം 53.** യേശു പിന്നെ ചോദിച്ചു, "**എന്റെ പിതാവിനോട് ഇപ്പോൾ തന്നെ പന്ത്രണ്ട് ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിന്ന് എനിക്ക് അപേക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ?**" അവന്റെ ചോദ്യം അവരെ ഓർമ്മിപ്പിച്ചത്, തന്നെ പിടിക്കുന്നത് തടയുവാൻ ദൂതസംഘത്തെ അയക്കുവാൻ പിതാവിനോട് അപേക്ഷിക്കുവാൻ കഴിയുമെന്നാണ്.[8] തന്റെ ശത്രുക്കളെ തോൽപിക്കുവാൻ ബലഹീനരും പ്രതിരോധശക്തിയുമില്ലാത്ത ശിഷ്യന്മാരുടെ സഹായം ദൈവപുത്രന് ആവശ്യമില്ലായിരുന്നു. "ഒരു ദാസന്റെ കാത് അറുക്കുവാൻ മാത്രം കഴിവുള്ള ഒരു മനുഷ്യന്റെ നിസാരമായ സഹായം അവന് ആവശ്യമില്ലായിരുന്നു."[9]

ശിഷ്യന്മാർക്ക് എളുപ്പത്തിൽ മനസിലാകുന്ന വിധത്തിലായിരുന്നു യേശു ദൂതന്മാരെ വിവരിച്ചത്. ഒരു റോമാ ലെഗ്യോനിൽ, ഏകദേശം 6,000 പടയാളികളുണ്ടാകും, അതുകൊണ്ട്, പന്ത്രണ്ട് ലെഗ്യോൻ എന്നു പറയുന്നത്, ഏകദേശം 72,000 ദൂതന്മാരാണ് – ശക്തിയുള്ള ഒരു വൻ സൈന്യം തന്നെ.[10] യേശുവിനെ പിടിക്കുവാൻ വന്ന ഒരു സംഘം പടയാളികളെയും ദൈവാലയ കാവൽക്കാരെയും ദൂതസംഘത്തിന് നിഷ്പ്രയാസം പരാജയപ്പെടുത്തുവാൻ കഴിയുമായിരുന്നു.

യേശു പിതാവിന്റെ ഇഷ്ടത്തിന് കീഴ്പ്പെട്ട്, ക്രൂശിലെ മരണത്തോളം അനുസരിക്കുവാൻ തീരുമാനിച്ചിരുന്നു. തന്നെ പിടിക്കാതിരിപ്പാൻ അവൻ ദൂതന്മാരെ വിളിക്കുകയില്ല. ദൂതന്മാരുടെ വരവ് ന്യായവിധി ദിവസത്തിനായി വെച്ചിരിക്കുന്നു. അവർ യേശുവിനോടുകൂടെ വന്നു നല്ലവരേയും ദുഷ്ടന്മാരേയും വേർതിരിക്കും (13:41; 16:27; 24:31; 25:31).

**വാക്യം 54.** യേശുവിനു യുദ്ധം ചെയ്യണമെന്നുണ്ടായിരുന്നുവെങ്കിൽ, അവന് ഏറ്റവും വലിയ സൈന്യത്തെ ഇറക്കി ശക്തമായി പോരാടുവാൻ കഴിയുമായിരുന്നു - എന്നാൽ **തിരുവെഴുത്ത് നിറവേറണമായിരുന്നു.** യേശു പറഞ്ഞ പഴയനിയമതിരുവെഴുത്തുകൾ പൊതുവിലുള്ളതാണ്, കാരണം പ്ര ത്യേകമായ വേദഭാഗം പറയുന്നില്ല. ഒരുപക്ഷെ അവന്റെ മനസിൽ അപ്പോഴും സെഖര്യാവ് 13:7 ആയിരിക്കാം ഉണ്ടായിരുന്നത്: "ഞാൻ ഇടയനെ വെട്ടും; ആടുകൾ ചിതറിപ്പോകും" (26:31). അവസാനം അവന്റെ ക്രൂശിലെ മരണത്തെ ആയിരിക്കാം അവൻ സൂചിപ്പിച്ചത് (സങ്കീ. 22:16–18; യെശ. 53:4–12).

## യേശു പുരുഷാരത്തെ ശാസിക്കുന്നു
## (26:55, 56)

**55ആ നാഴികയിൽ യേശു പുരുഷാരത്തോട്, "ഒരു കള്ളന്റെ നേരെ എന്നപോലെ നിങ്ങൾ എന്നെ പിടിപ്പാൻ വാളും വടിയുമായി വന്നിരിക്കുന്നു; ഞാൻ ദിവസേന ഉപദേശിച്ചും കൊണ്ട് ദൈവാലയത്തിൽ ഇരുന്നിട്ടും നി ങ്ങൾ എന്നെ പിടിച്ചില്ല. 56എന്നാൽ ഇത് ഒക്കെയും പ്രവാചകന്മാരുടെ എഴു ത്തുകൾ നിവർത്തിയാകേണ്ടതിന്നു സംഭവിച്ചു എന്നു പറഞ്ഞു." അപ്പോൾ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയി.**

**വാക്യം 55. ഒരു കള്ളനെ** പിടിപ്പാൻ വന്നിരിക്കുന്നതുപോലെ എന്നെ പിടിപ്പാൻ നിങ്ങൾ **വാളും വടികളുമായി** എന്റെ അരികെ വന്നിരിക്കുന്നു എന്ന് പറഞ്ഞു **യേശു** പുരുഷാരത്തെ **ശാസിച്ചു.** "കള്ളൻ" എന്ന വാക്ക് (*ലെയിസ്റ്റസ്*) "പെരുവഴിയിലെ മനുഷ്യൻ," "കള്ളൻ" എന്നീ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു (21:13; ലൂക്കൊ. 10:30, 36; യോഹ. 10:1, 8; 2 കൊ. 11:26). ഇത്തരത്തിലുള്ള കള്ളന്മാർ അക്രമിക്കുവാനും പിടിച്ചുപറിക്കുവാനും മടിക്കു കയില്ല.[11] യേശു അത്തരത്തിലുള്ള ഒരു വ്യക്തിയാണെങ്കിൽ, അവർ വാളും വടികളും കൊണ്ടുവരുന്നത് ന്യായീകരിക്കാവുന്നതാണ്. എങ്ങനെയായാലും, അവൻ ഒരു സമാധാന മനുഷ്യനായിരുന്നു.

*ലെയിസ്റ്റസ്* എന്ന വാക്കിന് "പ്രക്ഷോഭക്കാരൻ," "വിപ്ലവക്കാരൻ" എന്നും അർത്ഥമുണ്ട്. റോമൻ ഭരണത്തിനെതിരായി വിപ്ലവമുണ്ടാക്കിയവരെ വിവ രിക്കുവാൻ ജോസെഫസ് ഈ വാക്കാണ് ഉപയോഗിച്ചത്. ഇവരിൽ ചിലർ, മശിഹാ നാട്യക്കാരായി സ്വന്തം ആളുകളുടെ ആവശ്യങ്ങൾക്കായി പോരാടി യവരായിരുന്നു.[12] യേശുവിനു പകരം വിട്ടയച്ച ബറബ്ബാസിനെ പറയുവാനും (യോഹ. 18:40) യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരെ വിവരി ക്കുവാനും ഇതേ വാക്ക് ഉപയോഗിച്ചിരുന്നു (27:38, 44). ആ മൂന്നുപേരെയും പ്രക്ഷോഭക്കാരായിട്ടായിരുന്നു ചിത്രീകരിക്കപ്പെട്ടത്. താൻ ആ ഗണത്തിൽ പെ ടുന്നില്ല എന്നു യേശു ഒരുപക്ഷെ വ്യക്തമാക്കിയിരിക്കാം; അവന്റെ രാജ്യം ഈ ലോകപ്രകാരമുള്ളതല്ല. അവൻ റോമിനെതിരെ വിപ്ലവത്തിനു മുതിരാതി രുന്നതുകൊണ്ട്, അവനെ വിടിപ്പാൻ പടയാളികളും പുരോഹിതന്മാരും ആയു ധങ്ങളുമായി വരേണ്ട ആവശ്യമില്ലായിരുന്നു.

ഒരു കള്ളനോ കവർച്ചക്കാരനോ ചെയ്യുന്നതിനു വിപരീതമായി, യേശു ചെയ്ത പ്രവൃത്തികളെല്ലാം എല്ലാവരും കാണത്തക്കവണ്ണമായിരുന്നു. അവൻ പറഞ്ഞു, **"ഞാൻ ദിവസേന ഉപദേശിച്ചുംകൊണ്ട് ദൈവാലയത്തിൽ ഇരു**

**ന്നിട്ടും നിങ്ങൾ എന്നെ പിടിച്ചില്ല.**" അപ്പോഴൊന്നും അവർ അവനെ പിടിക്കാതിരിപ്പാനുള്ള കാരണം അവർ ജനത്തെ ഭയപ്പെട്ടതുകൊണ്ടായിരുന്നു (21:46; 14:5; 21:26 നോക്കുക). ഇരുട്ടിന്റെ മറവിൽ തന്നെ പിടിക്കുവാൻ ഒറ്റപ്പെട്ട സ്ഥലം നോക്കി വന്നവരാണ് വാസ്തവത്തിൽ പ്രക്ഷോഭക്കാർ എന്നായിരിക്കാം ഒരുപക്ഷെ യേശു അന്തർലീനമാക്കിയത്.

**വാക്യം 56.** അവരുടെ ആക്രമണം യുക്തിഹീനമായിരുന്നുവെങ്കിലും, അത് അനിവാര്യമായിരുന്നു എന്ന് യേശുവിന് അറിയാമായിരുന്നു: **ഇത് ഒക്കെയും പ്രവാചകന്മാരുടെ എഴുത്തുകൾ നിവൃത്തിയാകേണ്ടതിന് സംഭവിച്ചു.** ഒരു പക്ഷെ അവന്റെ മനസിൽ യെശയ്യാവ് 53 ആയിരിക്കാം ഉണ്ടായിരുന്നത്, അവിടെ കഷ്ടതയേൽക്കുന്ന ദാസനെ "അറുക്കുവാൻ കൊണ്ടുപോകുന്ന ആടിനെ പോലെ," "അതിക്രമക്കാരോടുകൂടെ എണ്ണപ്പെടും" എന്ന് പ്രവചിച്ചിരുന്നു (യെശ. 53:7, 12).

പടയാളികൾ യേശുവിനെ പിടിച്ചപ്പോൾ, **അവൻ മുന്നറിയിച്ചതുപോലെ,** ശിഷ്യന്മാർ എല്ലാവരും ഓടിപ്പോയി (26:31 ന്റെ പരാമർശം നോക്കുക). അവർ വിചാരിച്ചിരുന്നതുപോലെ അത്ഭുതങ്ങളാൽ അവൻ ശത്രുക്കളെ പരാജയപ്പെടുത്താതിരുന്നത് അവരെ നിരാശരാക്കി. ഭയപ്പാടും തെറ്റിദ്ധാരണയും നിമിത്തം ശിഷ്യന്മാർ ഓടിപ്പോയി.

---

കുറിപ്പുകൾ

[1]ദീപട്ടി പന്തങ്ങൾക്കു പുറമെ, "പെസഹായുടെ പൂർണ്ണചന്ദ്രന്റെ പ്രകാശവും രാത്രിയിലെ അവരുടെ നീക്കങ്ങൾക്ക് സഹായകമായി." (ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976], 150). [2]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 244. [3]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 674. [4]അവർക്ക് കുഴപ്പമുള്ള സാഹചര്യം വരുവാനിരിക്കുന്നു എന്ന് യേശു ശിഷ്യന്മാർക്ക് ആലങ്കാരികമായ മുന്നറിയിപ്പ് നൽകുകയായിരുന്നു എന്ന് പറയപ്പെട്ടിട്ടുണ്ട്. എങ്ങനെയായാലും, ആവശ്യമെങ്കിൽ, സ്വയ-പ്രതിരോധം നടത്താമെന്ന് അവൻ സൂചിപ്പിച്ചിരുന്നു എന്നു തോന്നുന്നു. [5]മൗൺസ്, 245. [6]ഡബ്ലിയു. എഫ്. ആൽബ്രൈറ്റും സി. എസ്. മാനും, *മാത്യു,* ദ ആങ്കർ ബൈബിൾ (ഗാർഡൻ സിറ്റി, എൻ. വൈ.: ഡബിൾഡേ & കമ്പനി., 1971), 329. അവർ ഉദ്ധരിച്ചത് ഹാൻസ് കോസ്മലാ, "ഡാസ് ടൂട് സു മെയിനെം ജെഡാട്മിസ്," നോവം ടെസ്റ്റമെന്റ് 4 (ഏപ്രിൽ 1960): 81–95. [7]ഇബിഡ്. [8]നിമിഷങ്ങൾക്ക് മുൻപ് ദൂതന്മാരിൽ ഒരാൾ ഗെത്ത്ശെമെന തോട്ടത്തിൽ വന്ന് യേശുവിനെ ശക്തിപ്പെടുത്തുകയുണ്ടായി (ലൂക്കൊ. 22:43). [9]മോറിസ്, 676. [10]"പന്ത്രണ്ട്" എന്ന സംഖ്യ പ്രാധാന്യമുള്ളതാണ്; ഓരോരുത്തർക്കും ഒരു ലെഗ്യോൻ കാണും (യേശുവും പതിനൊന്ന് അപ്പൊസ്തലന്മാരും).

[11]സാധാരണ ഒരു "കള്ളന്" ഉപയോഗിക്കുന്ന വാക്ക് (*ക്ലെപ്റ്റസ്*) ആണ്. [12]കെ. എച്ച്. റെങ്സ്റ്റോർഫ്, "*ലെസ്റ്റെസ്*" ഇൻ *തിയോളജിക്കൽ ഡിക്ഷ്ണറിഓഫ് ദ ന്യൂടെസ്റ്റമെന്റ്*, എഡി. ജെർഹാർഡ് കിറ്റെൽ ആന്റ് ജെർഹാർഡ് ഫ്രെയഡ്റിച്ച്, അബർ. ആന്റ് ട്രാൻസ്. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 532.